**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1585** **14-12-2012 - ലെ മറുപടിയ്ക്ക്**

# നാളീകേര വിള ഇൻഷ്വറൻസ് പ്രോജക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നാളീകേര വിള ഇൻഷുറൻസ് പ്രോജക്ട് നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏത് ഏജൻസിയാണ് പ്രോജക്ട് നടപ്പിലാക്കുന്നത്; | (ബി) | ഈ പദ്ധതി കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. |
| (സി) | പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) | ശരാശരി 30 തേങ്ങകളെങ്കിലും ഒരു വർഷം ലഭിക്കുന്നതും 4 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകളെയുമാണ് ഇൻഷ്വർ ചെയ്യുന്നത്. അപ്രകാരമുള്ള 10 തെങ്ങുകളെങ്കിലുമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാം. ഒരേ തോട്ടത്തിൽ ഭാഗികമായി ഇൻഷ്വറൻസ് അനുവദിക്കുന്നതല്ല. ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അതാതു പ്രദേശത്തെ കൃഷി ഭവനിൽ പ്രീമിയം ഒടുക്കി ഇൻഷ്വർ ചെയ്യാവുന്നതാണ്. ആകെ പ്രീമിയത്തിന്റെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. (പ്രീമിയം തുകയുടെയും നഷ്ടപരിഹാര തുകയുടെയും വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| (ഡി) | നാളീകേര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രീമിയിത്തിന്റെ സംസ്ഥാന വിഹിതമായ 25% നുവേണ്ടി എന്തു തുക നീക്കിവെച്ചു; അതിൽ എത്ര ചെലവഴിച്ചുവെന്നറിയിക്കുമോ? | (ഡി) | നാളികേര ഇൻഷ്വറൻസ് പദ്ധതി 2012 - 13 ൽ നടപ്പിലാക്കുന്നതിന് പ്രീമിയത്തിന്റെ സംസ്ഥാന വിഹിതമായ 25 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം നിരക്ക്**

| തെങ്ങിന്റെ പ്രായം | പ്രീമിയം തുക തെങ്ങൊന്നിന് (രൂപ) | നാളികേര വികസന ബോർഡ് വിഹിതം തെങ്ങൊന്നിന് (രൂപ) | കൃഷി വകുപ്പ് സബ്സിഡി തെങ്ങൊന്നിന് (രൂപ) | കർഷകൻ അടയ്ക്കേണ്ട തുക തെങ്ങൊന്നിന് (രൂപ) | നഷ്ട പരിഹാര തുക തെങ്ങൊന്നിന് (രൂപ) |
|---|---|---|---|---|---|
| 4-15 | 4.25 | 2.13 | 1.06 | 1.06 | 600 |
| 16-60 | 5.75 | 2.87 | 1.45 | 1.45 | 1150 |